(സി) 1-3-2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 69 ശ്രീ. പി. സുധീർ നീരോത്ത് വരെയുള്ളവർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ശ്രീ. പി. സുധീർ നീരോത്തിന് 2008 ജൂലൈ മാസത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. 1-3-2011 തീയതി കണക്കാക്കിയുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് നിയമം പ്രാബല്യത്തിൽ വന്ന 30-8-2010-ന് ശേഷം പ്രൊബേഷൻ പൂർത്തിയാക്കേണ്ട ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കാണ് ചട്ട പ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കേണ്ടത്. ഇതനുസരിച്ച് 21 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 23 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ട്രെയിനിംഗ് നടന്നുവരുന്നു.

(ഇ) 16-6-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 54/2014/വനം പ്രകാരം ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ട്രെയിനിംഗ് സംബന്ധിച്ച സിലബസ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം IV ആയി ഉള്ളടക്കം ചെയ്യുന്നു.*

ഫോറസ്റ്റർ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി നിശ്ചയിക്കൽ

281 (3915) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേക്ക് തസ്തികമാറ്റം നടത്തിയ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച ഉത്തരവിനെതിരെ വനം വകുപ്പിലെ ഏതെങ്കിലും ജീവനക്കാർ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഏതെങ്കിലും ജീവനക്കാർ സീനിയോറിറ്റി പുനഃസ്ഥാപിച്ച നടപടിക്കെതിരെ വനം വകുപ്പിൽ പരാതി നൽകിയിരുന്നോ എന്നും, നൽകിയിരുന്നെങ്കിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. ബാബുരാജൻ പിള്ളയുടെ തസ്തികമാറ്റത്തെ തുടർന്നുള്ള സീനിയോറിറ്റി പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം എത്ര പേരാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും അതിൽ എന്ത മറുപടിയാണ് വകുപ്പുതലത്തിൽ നൽകിയിട്ടുള്ളതെന്നും പകർപ്പുസഹിതം വ്യക്തമാക്കുമോ ;

(സി) ശ്രീ. ബാബുരാജൻ പിള്ളയുടെ സർവ്വീസ് വിഷയവുമായി ബന്ധപ്പെട്ട് മുൻപ് ഏതെങ്കിലും കോടതി നടപടികൾ ഉണ്ടായിരുന്നോ എന്നും ഇതു സംബന്ധിച്ചുണ്ടായ കോടതി ഉത്തരവ് എന്തായിരുന്നുവെന്നും പകർപ്പുസഹിതം വ്യക്തമാക്കാമോ ;

(ഡി) ശ്രീ. ബാബുരാജൻ പിള്ളക്ക് സമാനമായി തസ്തിക മാറ്റവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ വകുപ്പുതലത്തിൽ എന്ത നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച ഉത്തരവിനെതിരെ നിയമനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് രേഖകൾ ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. വനം വകുപ്പിൽ ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നടത്തിയ ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സീനിയോറിറ്റി താൽക്കാലികമായി പുനഃക്രമീകരിച്ച ഉത്തരവുകൾക്കെതിരെ വനംവകുപ്പിൽ ലഭിച്ച പരാതികൾ/ അപ്പീൽ പരിശോധിച്ച് ചട്ടപ്രകാരം നിരസിക്കുകയും താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചുകൊണ്ട് വകുപ്പുതലത്തിൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ. പി. എസ്. ബോബികുമാർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രീ. ബാബുരാജൻ പിള്ളക്ക് ഫോറസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകിയതിനെത്തുടർന്ന് സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകിയതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം ലഭിച്ച മൂന്ന് അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്. മറുപടികളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധം -I ആയി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. കെ. ബാബുരാജൻ പിള്ളയുടെ ഫോറസ്റ്റർ തസ്തികയിലെ സീനയോറിറ്റി നിർണ്ണയവുമായി ബന്ധപ്പെട്ട് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നമ്പർ 18153/1999, ഡബ്ല്യു.എ.നമ്പർ 415/2006, ഡബ്ല്യു.പി. (സി) നമ്പർ 33820/2007, ഡബ്ല്യു.എ.നമ്പർ 3003/2007 നമ്പർ കേസുകളിൽ യഥാക്രമം 9-12-2005, 16-3-2006, 16-11-2007, 1-2-2010 എന്നീ തീയതികളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

(ഡി) ശ്രീ. കെ. ബാബുരാജൻ പിള്ളക്ക് സമാനമായി ഫോറസ്റ്റർ തസ്തികയിൽ തസ്തികമാറ്റം ലഭിച്ചവർ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ തസ്തികകളിലെ സീനിയോറിറ്റി പുനഃക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളൊന്നും വകുപ്പിൽ നിലവിലില്ല.

കാടിനുണർവ് നാടിനുണർവ്

282 (3916) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാടിനുണർവ് നാടിനുണർവ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ ഏതെല്ലാം ഊരുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി കേരളത്തിലെ 725 ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി "ഊരിനുണർവ്, കാടിനുണർവ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വയനാട് ജില്ലയിലെ ഊരുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം താഴെ കൊടുക്കുന്നു :

നിയോജക മണ്ഡലത്തിന്റെ പേര്	കോളനിയുടെ പേര്
സുൽത്താൻ ബത്തേരി	മാടാപറമ്പ് കോളനി
കൽപ്പറ്റ	വില്ലേജ് കോളനി, വീട്ടിമറ്റം കോളനി, സുഗന്ധഗിരി കോളനി, കോൽപ്പാറ കോളനി, ബാലൻതണ്ട് കോളനി
മാനന്തവാടി	പ്ലാമൂല, ഇടരകൊല്ലി, റസൽകുന്ന്, ഗജഗഡി, മേലാഡി, വെള്ളറോട്, ആനക്യാമ്പ്എന്നീ കോളനികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly